പാറശ്ശാല പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തില്ലെന്ന പരാതി

39 (328) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല ആശുപത്രി ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ബീനാ ബേക്കറിയിലും സമീപകടകളിലും ആക്രമണം നടത്തിയത് സംബന്ധിച്ച് ശ്രീ. അനിൽകുമാർ പാറശ്ശാല പോലീസിന് എന്നാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ; പരാതിയുടെയും എഫ്.ഐ.ആർ-ന്റെയും പരാതിക്കാരന്റെ സ്റ്റേറ്റ്മെന്റിന്റെയും പകർപ്പ് ലഭ്യമാക്കുമോ; എഫ്ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ്; ഇവർ പ്രതികളായ എത്ര കേസുകളാണ് പാറശ്ശാല സ്റ്റേഷനിൽ ഉള്ളത്; കേസ്സുകൾ സംബന്ധിച്ച വിവരം ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) രേഖാമൂലം പരാതി കിട്ടിയിട്ടും സാമൂഹ്യവിരുദ്ധർക്ക് അക്രമത്തിനും ഗുണ്ടാപ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്ന തരത്തിൽ പ്രതികളെ സഹായിക്കുകയും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുകയും ചെയ്ത പാറശ്ശാല എസ്.ഐ.-ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത് സംബന്ധിച്ച് ഉന്നത പോലീസ് ഓഫീസറെ കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7-12-2010-ന് പാറശ്ശാല പോലീസ് സ്റ്റേഷനിലാണ് പരാതി നൽകിയത്. പരാതിയുടെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.* എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. ശ്രീ. അനിൽകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇരുകക്ഷികളേയും സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിക്കുകയും പരാതിക്കാരന് ബേക്കറി തുറക്കുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കില്ലായെന്ന് എതിർകക്ഷികൾ പറയുകയും ആയത് ശ്രീ. അനിൽ കുമാർ സമ്മതിക്കുകയും ടി വിവരം ഇരുകക്ഷികളും സമ്മതിച്ച് പെറ്റീഷൻ രജിസ്റ്ററിൽ ഒപ്പിടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത്.

(ബി) ഈ പരാതിയിലെ എതിർകക്ഷികൾ (1) തോമസ് (2) ഡൊമിനിക്. ഇവരുടെ പേരിൽ നിലവിൽ പാറശ്ശാല പോലീസ് സ്റ്റേഷനിൽ കേസുകൾ ഒന്നുംതന്നെ ഇല്ല.

(സി) ശ്രീ. അനിൽകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇരുകക്ഷികളേയും സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിക്കുകയും പരാതിക്കാരന് ബേക്കറി തുറക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കില്ലായെന്ന് എതിർ കക്ഷികൾ പറയുകയും ആയത് ശ്രീ. അനിൽകുമാർ സമ്മതിക്കുകയും ആ വിവരം ഇരുകക്ഷികളും സമ്മതിച്ച് പെറ്റീഷൻ രജിസ്റ്ററിൽ ഒപ്പിടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർചെയ്യാത്തത്. ആയതിനാൽ ടിയാൻ കുറ്റകരമായ വീഴ്ച വരുത്തിയതായി കരുതുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly